**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2418** **21-01-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം സൂക്ഷ്മസംരംഭങ്ങളെ ആഗോളവിപണിയിൽ പരിചയപ്പെടുത്തി വിപണി സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്; അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉത്പാദനവും വിപണനവും പ്രോൽസാഹിപ്പിച്ച് ആഗോള വിപണിയിൽ പരിചയപ്പെടുത്തി കയറ്റുമതി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ മേഖലകളെ കാലോചിതമായി നിലനിർത്തി കൊണ്ടുപോകാൻ കഴിയൂ എന്ന തിരിച്ചറിവിന്റെ ഭാഗമായി സർക്കാർ എടുത്ത നടപടികളിൽ പ്രഥമവും പ്രാധാന്യമുള്ളതുമാണ് വാണിജ്യ മിഷൻ രൂപീകരണം. വാണിജ്യ മേഖലയിൽ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും സാമ്പത്തിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിനും കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉറപ്പു വരുത്തുന്നതിനും വാണിജ്യ മേഖലയിലെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br>സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യാപാര മേഖലയെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. കേരളത്തിലെ നിക്ഷേപകർ / സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും |

സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. പ്രോജക്റ്റ് കൺസൽട്ടൻസി തുടങ്ങുക. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും. എസ്.എം.ഇ വെബ്ബ് പോർട്ടലിന്റെ രൂപീകരണം കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണനസൗകര്യം ലഭ്യമാക്കാൻ വേണ്ടി എസ്.എം.ഇ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. എസ്.എം.ഇ പോർട്ടലിന്റെ സവിശേഷതകൾ താഴെ വിവരിക്കുന്നു : കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഓൺലൈൻ മുഖേന വ്യാപാര ചർച്ചകൾ നടത്താനായി സാധിക്കും. ദേശീയ അന്തർദേശീയ തലത്തിലുള്ള ഉപഭോക്താക്കളും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പിക്കുക. സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളെ കുറിച്ചും അവരുടെ ഉൽപ്പന്നങ്ങളെ കുറിച്ചുമുള്ള വിശദമായ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ഉൾപ്പെടുത്തുന്നു. എസ്.എം.ഇ പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യൂസർ ഐഡിയും (User ID) പാസ് വേഡും നൽകും. വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ തരംതിരിച്ചുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വ്യാപാര അന്വേഷണങ്ങൾ അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യം എസ്.എം.ഇ പോർട്ടലിൽ ലഭ്യമാക്കുന്നു. ദേശീയ അന്തർദ്ദേശീയ തലത്തിൽ നേരിട്ട് ലഭിക്കുന്ന വ്യാപാര അന്വേഷണങ്ങളുടെ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ലഭ്യമാക്കും. ദേശീയ അന്തർദ്ദേശീയ തലത്തിൽ വിവിധ മേഖലകൾ/ ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാര മേളകൾ / എക്സിബിഷനുകൾ എന്നിവയുടെ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ലഭ്യമാക്കും. വ്യാപാർ (കേരള ബിസിനസ് ടു ബിസിനസ് മീറ്റ്) സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും, പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എം.എസ്.എം.ഇ-കൾക്കു വേണ്ടി വ്യാപാർ 2017 ഫെബ്രുവരി 2 മുതൽ 4 വരെ കൊച്ചി ബോൾഗാട്ടി പാലസ് & റിസോർട്ടിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ

| | | | |
|---|---|---|---|
| | | | നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 200 ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു. പ്രസ്തുത ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് മേഖലകളിലായി സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യാപാര ചർച്ചകളാണ് പ്രധാനമായും നടന്നിരുന്നത്. കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തിയതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്ത് നിന്നും പുറത്തുമുള്ള ഉപഭോക്താക്കളുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്. കൂടാതെ സൂക്ഷ്മ ചെറുകിട വ്യവസായ പ്രോത്സാഹനത്തിനും അവയുടെ ഉത്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കുവാനുള്ള അവസരങ്ങൾ സർക്കാർ ഒരുക്കുന്നുണ്ട്. ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട സംരംഭകരെ പങ്കെടുപ്പിച്ചതു മുഖേന സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും, ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന വാണിജ്യനയത്തിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്ന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി അന്തർദ്ദേശീയ വിപണിയെ ലക്ഷ്യമിട്ടുള്ള ഉദ്പാദനത്തിന് വഴിയൊരുക്കും. പ്രത്യേക സാമ്പത്തിക മേഖലകൾ, കയറ്റുമതി ആധാരമായ യൂണിറ്റുകൾ, ഡി.ജി.എഫ്.ടി (Director General of Foreign Trade) പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന യൂണിറ്റുകൾ എന്നിവയെ സർക്കാരിന്റെ പ്രോൽസാഹനപദ്ധതികളുമായി ബന്ധപ്പെടുത്തും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഇക്കാര്യത്തിൽ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (സി) | സംസ്ഥാനത്തെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും അതിനുവേണ്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ |

| | | | |
|---|---|---|---|
| | | | എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | കൊറോണ പ്രതിസന്ധിയിൽ ചെറുകിട ഇടത്തരം സൂക്ഷ്മസംരംഭങ്ങൾക്ക് കയറ്റുമതി രംഗത്തുണ്ടായ തിരിച്ചടിയിൽ നിന്നും അവയെ കരകയറ്റുവാൻ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ? | (ഡി) | നോട്ട് നിരോധനം, പ്രകൃതി ദുരന്തം എന്നിവ മൂലം തിരിച്ചടി നേരിട്ട എം.എസ്.എം.ഇ മേഖല, കോവിഡ് 19 മഹാമാരിയും, തുടർന്നുണ്ടായ ലോക്ക് ഡൗണും കൂടി ആയപ്പോൾ വലിയ തകർച്ച നേരിടുകയുണ്ടായി. കയറ്റുമതിയേയും കോവിഡ് തകർത്തു. വ്യവസായങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി നിലച്ചു. ഇവയൊന്നും ഉടനടി തിരിച്ചുപിടിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. ഈ പ്രതിസന്ധി നേരിടുന്നതിനും ഈ മേഖലയ്ക്ക് ആശ്വാസം നൽകുന്നതിലേക്കുമായി ഈ വിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി "വ്യവസായ ഭദ്രത" എന്ന സാമ്പത്തിക ഉത്തേജന പാക്കേജ് പ്രഖ്യാപിച്ചു. ഈ പാക്കേജിന്റെ ഭാഗമായി 3433 കോടി രൂപ വ്യവസായങ്ങളെ സംരക്ഷിക്കാനായി ചെലവിട്ടു. |

സെക്ഷൻ ഓഫീസർ